## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240

09.03.2018 ലെ മറുപടിയ്ക്ക്.

### പട്ടികജാതി പെൺകുട്ടികൾക്കായി 'വാത്സല്യനിധി' പദ്ധതി

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ**
**,, ബി.സത്യൻ**
**ശ്രീമതി യു. പ്രതിഭ ഹരി**
**ശ്രീ.കാരാട്ട് റസാഖ്**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി 'വാത്സല്യനിധി' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിൻ പ്രകാരം ഗുണഭോക്താവിന് എത്ര രൂപയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത മാതാപിതാക്കളുടെ 01.04.2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്കാണ് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.<br>നാലു ഗഡുക്കളായി താഴെ പറയുന്ന ഘട്ടങ്ങളിൽ 138,000 രൂപ പ്രീമിയം അടയ്ക്കും |

| ഘട്ടങ്ങൾ | തുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്തത് | ആദ്യ ഗഡു 39,000/- |
| 5 വയസ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36,000/- |
| 10 വയസ് പൂർത്തിയായതും 5 -ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 33,000/- |
| 15 വയസ് പൂർത്തിയായതും 10-ാം തരം പാസ്സായതും | നാലാം ഗഡു 30,000/- |

| | | | |
|---|---|---|---|
| | | | ഇതിൻ പ്രകാരം പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ രൂപ ലഭിക്കും. രക്ഷിതാക്കൾക്കും ഒരു സഹോദരനും ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കും കുടുംബത്തിലെ വരുമാനദായകനായ വ്യക്തിയുടെ മരണത്തിന് 2 ലക്ഷം രൂപയും അപകട മരണമാണെങ്കിൽ 4 ലക്ഷം രൂപയും ലഭിയ്ക്കും. |
| (സി) | പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യരക്ഷ എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ടി പദ്ധതിപ്രകാരം ആദ്യഗഡുവായ 39,000/- രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്, നിർബന്ധിത പ്രതിരോധ വാക്സിനേഷനുകൾ എടുത്തിരിക്കുകയും ചെയ്യണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36,000/- രൂപ, 5 വയസ് പൂർത്തിയാകുകയും പ്രൈമറി സ്കൂളിൽ പ്രവേശനം നേടുകയും ചെയ്ത കുട്ടികൾക്ക്, മൂന്നാം ഗഡു 33,000/- 10 വയസ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്, 4-ാം ഗഡു 30,000/- 15 വയസ് പൂർത്തിയായതും 10 -ാം തരം പാസായതും ആയ കുട്ടികൾക്കാണ്. ഇതിലൂടെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ പുരോഗതിയും ഉറപ്പ് വരുത്തുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി 2018-19 ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | 2018-19 സാമ്പത്തികവർഷം, 'വാത്സല്യനിധി' പദ്ധതിയ്ക്കായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ